37539

File No.HEDN-K3/294/2018-HEDN

DIRECTORATE OF COLLEGIATE EDUCATION
06 SEP 2018
THIRUVANANTHAPURAM

**കേരള സർക്കാർ**

നം.കെ3/294/2018/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 04.09.2018

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
5. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
6. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ,ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
9. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
10. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3
11. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/ കോഴിക്കോട്
12. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/
എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/ മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

(തുടരും...)

DIRECTORATE OF COLLEGIATE EDUCATION
06 SEP 2018

File No.HEDN-K3/294/2018-HEDN



12. മെമ്പർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ, കെ.എസ്.എസ്. ടി.എം.ക്യാമ്പസ്, പി.എം.ജി, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.
14. കെ ആർ. നാരായണ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - പ്രളയക്കെടുതി - ദുരിതാശ്വാസ വുമായി ബന്ധപ്പെട്ട ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അഭ്യർത്ഥന- സംബന്ധിച്ച്.

സൂചന:- ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 03.09.2018-ലെ 20/18/M-HEDN നമ്പർ കത്ത്

പ്രളയക്കെടുതിയെത്തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അഭ്യർത്ഥന ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**ബിജു.റ്റി**

അണ്ടർ സെക്രട്ടറി

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

K3/2491/2018/HEA

ഡോ. കെ. ടി. ജലീൽ
ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷക്ഷേമ,
വഖഫ് & ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി.....

**03.09.2018**

**നം. 20/18/M-H.Edn**

**<u>ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർവ്വകലാശാല അധികാരികൾ, ഗവ. എയ്ഡഡ്, സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, എന്നിവരോടുള്ള അഭ്യർത്ഥന</u>**

മലവെള്ളപ്പാച്ചിൽ തീർത്ത ദുരന്തമുഖത്തെ അസമാന്യമായ മനോധൈര്യം കൊണ്ടും അനിതരസാധാരണമായ ഐക്യം കൊണ്ടും നാം അതിജീവിച്ചു. വെള്ളത്തിന്റെ കുത്തൊഴുക്ക് നിലച്ചിരിക്കുന്നു. സമാനതകളില്ലാത്ത പ്രളയം വരുത്തിവെച്ച കെടുതിയുടെ ആഘാതത്തിൽ നിന്ന് കര കയറാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ജീവിതസമ്പാദ്യമെല്ലാം നഷ്ടപ്പെട്ട അനേകായിരങ്ങൾ നിത്യവൃത്തിയ്ക്ക് പോലും കഷ്ടപ്പെടുകയാണ്. ഇവരുടെ സമയബന്ധിതമായ പുനരധിവാസത്തിനും, സംസ്ഥാനത്തിന്റെ പുനഃസൃഷ്ടിക്കുമായി 30,000 കോടി രൂപയിലധികം വേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. അന്തിമ വിശകലനത്തിൽ ഇതിലും വലിയ തുക വേണ്ടി വന്നേക്കും.. ദുരന്തത്തിൽ നിന്ന് കര കയറാൻ ലോകത്താകമാനമുള്ള മലയാളികളുടെ സഹായം ഉണ്ടാകണമെന്നുള്ള ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയ്ക്ക് അത്ഭുതപൂർവ്വമായ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ദുരന്തത്തിന്റെ ആഘാതം മറികടക്കാൻ എത്ര സഹായം കിട്ടിയാലും മതിയാവില്ലെന്നതാണ് യാഥാർത്ഥ്യം.

നന്മ നിറഞ്ഞ മനസുകളിൽ നിന്നുമുള്ള സഹായത്തിന്റെ കുത്തൊഴുക്കാണ് ഇനി ഉണ്ടാവേണ്ടത്. ഉന്നതവിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജീവനക്കാർ, മാനേജർമാർ എന്നിവർക്കെല്ലാം ഇക്കാര്യത്തിൽ കാര്യമായ ഇടപെടലുകൾ നടത്താൻ കഴിയും.

ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് നൽകണമെന്ന ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥന സർവ്വകലാശാലകൾ, കോളേജുകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും പൂർണമനസ്സോടെ നടപ്പാക്കുമെന്ന് എനിക്കുറപ്പുണ്ട്. ഇക്കാര്യത്തിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ വേർതിരിവുകൾ ഉണ്ടാകാതെ നോക്കണം. കോളേജ് മാനേജ്മെൻറുകളുടെ ഭാഗത്തു നിന്നും നിർലോഭമായ സഹായം പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥികളിൽ നിന്നുമുള്ള സംഭാവന നിക്ഷേപിക്കുവാൻ സർവ്വകലാശാല/കോളേജ് അധികാരികൾ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഒന്നിച്ചുനിന്നാൽ നമുക്കെഴുന്നേറ്റു നിൽക്കാം. നമ്മുടെ നാടിന്റെ നിലനിൽപ്പിനും പുനഃസൃഷ്ടിക്കുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

എല്ലാ മനുഷ്യസ്നേഹികളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഡോ.കെ.ടി.ജലീൽ

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്-I
തിരുവനന്തപുരം–695 001
ഫോൺ-ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
'ഗംഗ', കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്

മേലെഴുത്ത് നമ്പർ ജി4 -35343/2018/കോ.വി.വ തീയതി 11/09/2018

മേലെഴുത്ത് പ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
0471-2303107
adce.colledn@kerala.gov.in.

പകർപ്പ്- (1) എല്ലാ കോളേജ് വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പ്രൈവറ്റ്/എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിലേയ്ക്കായും)
(2) എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/11/9/18